**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** **27-01-2026 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ കാർഡ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി പ്രതിമാസം ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഒരു മാസം ശരാശരി രണ്ട് ലക്ഷം അപേക്ഷകളാണ് റേഷൻ കാർഡുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്കായി വകുപ്പിനു ലഭ്യമായി കൊണ്ടിരിക്കുന്നത്. 100% അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കിവരുന്നു. കാർഡ് തരം മാറ്റി നൽകുന്നതിനായി ഇതുവരെ ലഭിച്ച 3.72 ലക്ഷം അപേക്ഷകളും പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ പരിഗണിച്ച് ഗുരുതര രോഗമുള്ളതും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടതുമായ കാർഡ് ഉടമകളുടെ അപേക്ഷകളും അടിയന്തരമായി പരിഗണിച്ച് നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുൻഗണനാ കാർഡുകൾ അനുവദിക്കുന്ന കാര്യത്തിലും കാർഡുകൾ തരം മാറ്റി നൽകുന്ന കാര്യത്തിലുമുള്ള പുരോഗതി വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം **7,16,077** മുൻഗണനാ കാർഡുകളും **65,449** എ.എ.വൈ. കാർഡുകളും അനുവദിച്ച നൽകിയിട്ടുണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയ ആണ്. പുതിയ അപേക്ഷകൾ ക്ഷണിച്ച് അർഹരായവർക്ക് ഒഴിവുകളുടെ എണ്ണം അനുസരിച്ച് കാർഡുകൾ തരംമാറ്റി നൽകുന്നതിനുള്ള പ്രവർത്തികൾ നടന്നു വരുന്നുണ്ട്. |
| (സി) | അനർഹരായവരെ മുൻഗണനാ റേഷൻ കാർഡ് വിഭാഗത്തിൽ നിന്നും ഒഴിവാക്കുവാൻ സ്വീകരിച്ച പ്രത്യേക നടപടികൾ വിശദമാക്കുമോ; ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | അനർഹരായവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി അനർഹരെന്നു കണ്ടെത്തിയ **2,43,615** കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഇതുവരെ ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ **17,61,50,556/-** രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ